# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 539

27.09.2011-ൽ മറുപടിക്ക്.

## എമർജിംഗ് കേരള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) 'എമർജിംഗ് കേരള' പദ്ധതി വിശദീകരിക്കാമോ ; (ബി) ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്ന സാധ്യതകളും അവസരങ്ങളും വെളിപ്പെടുത്തുമോ ; | (എ)-യും (ബി)-യും. നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി കേരളത്തെ എടുത്തുകാണിക്കുവാനാണ് 'എമർജിംഗ് കേരള' എന്ന ആഗോള നിക്ഷേപക സംഗമം ഏപ്രിൽ-2012 -ൽ നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. 'എമർജിംഗ് കേരള' എന്ന നിക്ഷേപക സംഗമം എല്ലാ രണ്ട് വർഷത്തിലൊരിക്കലും നടത്താനാണുദ്ദേശിക്കു--ന്നത്. കേരളത്തിലുള്ള നിക്ഷേപ സാദ്ധ്യതകൾ ലോകത്തിന്റെ മുൻപിൽ അവതരിപ്പിക്കാനുള്ള ഒരു അവസരമായാണ് ഈ സംരംഭത്തെ കണക്കാക്കു--ന്നത്. ഇതുമൂലം സംസ്ഥാനത്തെ ദക്ഷിണേന്ത്യ-യിലെ ഒരു പ്രധാനപ്പെട്ട വ്യവസായ ഹബ് ആക്കി മാറ്റുവാനാണ് ലക്ഷ്യമിടുന്നത്. |
| (സി) കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) കേരളത്തിൽ കൂടുതൽ വ്യവസായിക നിക്ഷേപം കൊണ്ടുവരുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വ്യവസായ, ഐ.റ്റി, ടൂറിസം, സെസ്സ്, തൊഴിൽ നയങ്ങൾ രൂപീകരിച്ചു വരുന്നു. ഇവയുടെ കരട് രൂപം തയ്യാറായിട്ടുണ്ട്. കേരളത്തെ ഒരു നിക്ഷേപക സൗഹൃദ സംസ്ഥാനമായി മാറ്റാൻ 'എമർജിംഗ് കേരള' എന്ന നിക്ഷേപക സംഗമം 2012 ഏപ്രിൽ 19, 20, 21 എന്നീ തീയതികളിൽ സംഘടിപ്പിക്കു--ന്നുണ്ട്. ഇന്ത്യയ്ക്കകത്തും പുറത്തും വിവിധ മേഖലയിലെ നിക്ഷേപകരെ ആകർഷിക്കു-ന്നതിനു വേണ്ടി റോഡ് ഷോകൾ നടത്താനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ